# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2552. 09.03.2017 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ :** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ തൊഴിലാളികൾക്കും പഞ്ചായത്ത് തലത്തിൽ രജിസ്ട്രേഷൻ സൗകര്യമുണ്ടാക്കി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ബോർഡിൽ നിലവിൽ ജില്ലാ ആഫീസുകളിൽ വെച്ചാണ് തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ കൈക്കൊണ്ടു വരുന്നത്. പ്രസ്തുത രജിസ്ട്രേഷൻ നടപടി പഞ്ചായത്ത് തലത്തിൽ നടത്തുന്നത് സംബന്ധിച്ച് ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ബി ഇവരുടെ പെൻഷൻ ചികിത്സാ ആനുകൂല്യങ്ങൾ എന്നിവ കാലാനുസൃതമായി വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡി ലെ പെൻഷണർമാർക്കുള്ള കുറഞ്ഞ പെൻഷൻ തുക 06-08-2016 ലെ സ.ഉ(കൈ) നം.129/2016/ തൊഴിൽ പ്രകാരം 600/-രൂപയിൽ നിന്നും 1000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ 22-12-2015 ലെ സ.ഉ(സാധാ)നം.212/2015/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം മാരക രോഗ ചികിത്സാ ധനസഹായം 22,000/-രൂപയിൽ നിന്നും 50,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുള്ളതും, അപകട ചികിത്സാ ധനസഹായം ആദ്യത്തെ 5 ദിവസത്തിന് 500/-രൂപ നിരക്കിൽ നൽകിയിരുന്നത് 750/-രൂപയായും, തുടർന്നുള്ള ഓരോ ദിവസത്തിനും (പരമാവധി 20,000/-രൂപ എന്ന ക്രമ ത്തിൽ) 70/-രൂപ എന്നത് 100/-രൂപയാക്കിയും വർദ്ധിപ്പിച്ചിട്ടു ണ്ട്. |

| | |
|---|---|
| (സി) നിർമ്മാണ തൊഴിലാളികളുടെ അംശദായത്തോടൊപ്പം ക്ഷേമനിധി ബോർഡിലേക്ക് സെസ് ഇനത്തിൽ വരേണ്ടതായ തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) നിർമ്മാണ തൊഴിലാളികളുടെ അംശദായത്തോടൊപ്പം ക്ഷേമനിധി ബോർഡിലേക്കു സെസ്സ് ഇനത്തിൽ വരേണ്ടതായ തുക ഒന്നിച്ച് പിരിച്ചെടുക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. അംശദായം നിർമ്മാണ തൊഴിലാളികൾ ഒടുക്കുന്നതും, ക്ഷേമനിധി ബോർഡിലേക്കുള്ള സെസ്സ് പത്തു ലക്ഷം രൂപയിലേറെ നിർമ്മാണ ചെ.ലവു വരുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നു നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക്, നിർമ്മാണ ചെലവിനെ അടിസ്ഥാനമാക്കി ജില്ലാ ലേബർ ഓഫീസർമാർ ഈടാക്കുന്ന തുകയുമാണ്. അവ രണ്ടും ഒരുമിച്ചു ഈടാക്കുന്ന കാര്യം പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ